# മന്നംസമാധിദിനാചരണം കൂടുതൽ ജനകീയമാക്കി

സമുദായാചാര്യൻ ശ്രീ മന്നത്തുപത്മനാഭന്റെ 52-ാമത് ചരമവാർഷികം 2022 ഫെബ്രുവരി 25 വെള്ളിയാഴ്ച ഭക്തിനിർഭരമായ ചടങ്ങുകളോടെ ആചരിച്ചു.

നമുക്ക് എന്നും മാർഗ്ഗദർശിയായി അനുഗ്രഹം ചൊരിയുന്ന ആ പുണ്യാത്മാവിന്റെ ആത്മീയചൈതന്യം നിറഞ്ഞുനില്ക്കുന്ന അന്ത്യവിശ്രമസങ്കേതമായ മന്നംസമാധിമണ്ഡപത്തിൽ അന്നേദിവസം ഭക്തിഗാനാലാപനവും, പുഷ്പാർച്ചനയും, ഉപവാസവും, സമൂഹപ്രാർത്ഥനയും പതിവുപോലെ നടന്നു. രാവിലെ 6 മണി മുതൽ സമുദായാചാര്യൻ ഇഹലോകവാസം വെടിഞ്ഞ 11.45 വരെ നടന്ന പ്രസ്തുത ചടങ്ങിൽ കോവിഡ്-19 നിബന്ധനകൾ പാലിച്ചുകൊണ്ട് സമീപ കരയോഗങ്ങളിലെ അംഗങ്ങളും എല്ലാവർഷവും നിർബന്ധമായും പതിവുതെറ്റാതെ എത്തുന്നവരായ സമുദായാംഗങ്ങളും മറ്റ് അഭ്യുദയകാംക്ഷികളും പങ്കെടുത്തു.

മന്നംസമാധിമണ്ഡപത്തിൽ ഭക്തിനിർഭരമായ ചടങ്ങ് നടക്കുമ്പോൾതന്നെ, ഇവിടെ എത്താൻ കഴിയാതെവന്ന സമുദായാംഗങ്ങൾ അവരവരുടെ താലൂക്ക് യൂണിയനുകളിലും കരയോഗങ്ങളിലും രാവിലെ 6 മണി മുതൽ 11.45 വരെ നടന്ന ചടങ്ങുകളിൽ പങ്കെടുക്കുകയുണ്ടായി. ആ പുണ്യാത്മാവിന്റെ ചിത്രത്തിനു മുന്നിൽ നിലവിളക്കുകൊളുത്തി പുഷ്പാർച്ചന നടത്തി പ്രാർത്ഥനാനിരതരായി ഉപവസിച്ചാണ് അവർ അദ്ദേഹത്തോടുള്ള ആദരവ് പ്രകടിപ്പിച്ചത്.

നായർ സർവീസ് സൊസൈറ്റിക്ക് രൂപംനല്കിയ വേളയിൽ സമുദായാചാര്യനും സഹപ്രവർത്തകരും ചേർന്നെടുത്ത പ്രതിജ്ഞ ആചാര്യസ്മരണയോടെ ചൊല്ലിയും ഏറ്റുചൊല്ലിയും ആണ് താലൂക്ക് യൂണിയനുകളിലും കരയോഗങ്ങളിലും നടത്തിയ ആചരണത്തിന്റെ സമാപനം കുറിച്ചത്.

കോവിഡ് നിബന്ധനകൾ പാലിക്കേണ്ടിവന്നതിനാൽ കഴിഞ്ഞവർഷവും ഈ വർഷവും മന്നംജയന്തി ആഘോഷവും സമാധിദിനാചരണവും സംസ്ഥാനവ്യാപകമായി നടത്തുകയാണ് ചെയ്തത്. തന്മൂലം, ത്രിതലസംവിധാനത്തിൽ നടത്തിയ ഈ ചടങ്ങുകൾ കൂടുതൽ ജനകീയമാക്കാൻ കഴിഞ്ഞു.

മന്നംസമാധിയിൽ എത്തിച്ചേർന്ന സമുദായസ്നേഹികളെ അഭിസംബോധന ചെയ്യവെ, 'സാമൂഹിക-സാംസ്കാരിക-വിദ്യാഭ്യാസരംഗങ്ങളിലെ പുരോഗതിക്കായി ജീവിതം സമർപ്പിച്ച മന്നത്തുപത്മനാഭന്റെ നിസ്വാർത്ഥമായ പ്രവർത്തനങ്ങളെയും അദ്ദേഹം പടുത്തുയർത്തിയ നായർ സർവീസ് സൊസൈറ്റിയുടെ സേവനങ്ങളെയും അവഗണിക്കുന്ന ഭരണകർത്താക്കളുടെ സമീപനം അംഗീകരിക്കാനാവില്ല; ഇത് പ്രതിഷേധാർഹമാണ്' എന്ന് ജനറൽ സെക്രട്ടറി പറഞ്ഞു. 'വിദ്യാഭ്യാസ-ആതുരസേവനമേഖലകളിൽ ഉൾപ്പെടെ നിസ്വാർത്ഥമായി പ്രവർത്തിക്കുന്ന എൻ.എസ്.എസ്. അനാവശ്യമായ ഒരു കാര്യവും ആരോടും ആവശ്യപ്പെടാറില്ല. ന്യായമായ കാര്യങ്ങളിൽ മാത്രമാണ് പരിഗണന ആവശ്യപ്പെടുന്നത്. അതിനോടുള്ള സംസ്ഥാനസർക്കാരിന്റെ അവഗണന അവസാനിപ്പിച്ച് തെറ്റുതിരുത്താൻ തയ്യാറായില്ലെങ്കിൽ സമുദായം ഒറ്റക്കെട്ടായി പ്രതികരിക്കേണ്ടിവരുമെന്നും' ജനറൽ സെക്രട്ടറി മുന്നറിയിപ്പ് നല്കി.

പിന്നീട്, ജനറൽ സെക്രട്ടറി ഭക്തിപൂർവം ചൊല്ലിക്കൊടുത്ത 'ഹരേ രാമ' മന്ത്രം മറ്റുള്ളവർ ഏറ്റുചൊല്ലി. എൻ.എസ്.എസ്. രൂപീകരണസമയത്ത് സ്ഥാപകാംഗങ്ങളായ പതിന്നാലുപേർ ചേർന്നെടുത്ത പ്രതിജ്ഞ ജനറൽ സെക്രട്ടറി ചൊല്ലുകയും സമുദായാംഗങ്ങൾ ഏറ്റുചൊല്ലുകയും ചെയ്തു. കർപ്പൂരാരതിയോടെ സമാധിമണ്ഡപത്തിലെ ചടങ്ങുകൾ അവസാനിച്ചു.